1048
20/1/21

കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേന്ദ്ര സർക്കാരിന്റെ പൊതു സംഭരണ പോർട്ടലായ ഗവണ്മെന്റ് ഇ മാർക്കറ്റ് പ്ലേസുമായി (ജെം) സംസ്ഥാന സർക്കാർ ധാരണാ പത്രം ഒപ്പു വയ്ക്കുന്ന വിഷയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്റ്റോർസ് പർച്ചേസ്(എ) വകുപ്പ്

സ.ഉ.(കൈ)നം.1/2021/എസ്.പി.ഡി. തീയതി, തിരുവനന്തപുരം, 19/01/2021

പരാമർശം:-1. സ.ഉ.(കൈ)നം.2/18/എസ്.പി.ഡി,തീയതി 27.03.2018
2. സ.ഉ.(പി)നം.2/2018/എസ്പിഡി,തീയതി 28.04.2018
3. സ.ഉ. (പി) നം. 7/2019 / എസ്പിഡി,തീയതി 26.04.2019
4. സ.ഉ. (പി) നം. 13/2019 / എസ്പിഡി,തീയതി 25.10.2019
5. ജെം സി.ഇ.ഒ യുടെ 14/07/2020 ലെ അർദ്ധ ഔദ്യോഗിക കത്ത് നം.143/സി.ഇ.ഒ.

ഉത്തരവ്

ഗവണ്മെന്റ് ഇ മാർക്കറ്റ് പ്ലേസുമായി (ജെം) ധാരണാപത്രം ഒപ്പുവയ്ക്കാതെ ഗുണമേന്മ ഉറപ്പാക്കി കേരള സർക്കാർ വകുപ്പുകൾക്കും അനുബന്ധസ്ഥാപനങ്ങൾക്കും ജെം പോർട്ടിലിലൂടെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് അനുമതി നല്കിക്കൊണ്ട് പരാമർശം ഒന്നു പ്രകാരം ഉത്തരവായിരുന്നു. പരാമർശം രണ്ടു പ്രകാരം ജെം മുഖാന്തിരമുള്ള പൊതു സംഭരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ഒരു പുതിയ അദ്ധ്യായമായി (അദ്ധ്യായം-19) സ്റ്റോർസ് പർച്ചേസ് മാന്വൽ ഭേദഗതി ചെയ്ത് മാന്വലിൽ കൂട്ടി ചേർത്തു. 25000 രൂപയ്ക്ക് മുകളിലുള്ള പൊതു സംഭരണം ജെം മുഖാന്തിരമായിരിക്കണമെന്ന് പരാമർശം മൂന്നു പ്രകാരം സർക്കാർ നിർബന്ധമാക്കി. പരാമർശം നാലു പ്രകാരം ജെം മുഖാന്തിരമുള്ള വാങ്ങലുകൾക്കുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വവലിൽ ഭേദഗതി വരുത്തുകയും ചെയ്തു.

2) ജെമ്മുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതുമൂലം പൊതുസംഭരണമേഖലയിൽ നേട്ടങ്ങൾ കൈവരിക്കുവാൻ സംസ്ഥാനം പ്രാപ്തമാകുമെന്നും ആയതിനാൽ ധാരണാപത്രം

ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും പരാമർശം അഞ്ചു പ്രകാരം ജെം സി.ഇ.ഒ ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഇ മാർക്കറ്റ് പ്ലേസിലൂടെ (ജെം) ഉണമേന്മ ഉറപ്പാക്കി കേരള സർക്കാർ വകുപ്പുകൾക്കും അനുബന്ധസ്ഥാപനങ്ങൾക്കും ജെം പോർട്ടിലിലൂടെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് ജെമ്മുമായി ധാരണാപത്രം ഒപ്പു വയ്ക്കുവാൻ അനുമതി നല്കി ഉത്തരവു പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പൊതു ധനകാര്യ ചട്ടങ്ങൾക്കനുസൃതമായി കേരള ഫിനാൻഷ്യൽ കോഡിൽ ആവശ്യമായ ഭേദഗതികൾ ധനകാര്യ വകുപ്പ് നടത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ വകുപ്പു തലവന്മാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
✓വെബ് & ന്യൂ മീഡിയയ്ക്ക് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്, എസ്.എം.എസ്.എം. ഇൻസ്റ്റിട്യൂട്ടിനു പുറകുവശം, സ്റ്റാച്യൂ, തിരുവനന്തപുരം (സ്റ്റോർസ് പർച്ചേസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Deepthi

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-01-2021

ഫയൽ നം. എ2/40/2020/എസ്.പി.ഡി. ഇനം നം: 4502

വിഷയം : സ്റ്റോർസ് പർച്ചേസ് വകുപ്പ് - ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസുമായി (ജെം) ധാരണാപത്രം ഒപ്പിടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്.

4502

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എ 2/40/2020/എസ്.പി.ഡി |
| 2. | വകുപ്പ് | സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ് |
| 3. | വിഷയം | ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസുമായി (ജെം) ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02/12/2020 |
| 5. | 1) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ?<br>2) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ധനകാര്യം, നിയമം |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സി. ജ്യോതികുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | രാജേഷ് കുമാർ സിംഗ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/12/2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/01/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ.ടി.എം. തോമസ് ഐസക് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07/01/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11/01/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1) കേരള സർക്കാരും ഇന്ത്യാ ഗവൺമെന്റിന്റെ ഗവൺമെന്റ് ഇ മാർക്കറ്റ്പ്ലെയ്സും (ജെം) തമ്മിൽ ധാരണാപത്രം ഒപ്പുവെക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) വിവിധ സർക്കാർ വകുപ്പുകൾ / ഓർഗനൈസേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവക്ക് ആവശ്യമായിട്ടുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും (AMC) ഓൺലൈൻ സംഭരണം സുഗമമാക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ പൊതു സംഭരണ ഓൺലൈൻ പോർട്ടലാണ് ഗവൺമെന്റ് ഇ മാർക്കറ്റ്പ്ലെയ്സ് (ജെം). 27/03/2018 തീയതിയിലെ സ.ഉ. (കൈ) നമ്പർ. 2/2018 / എസ്പിഡി പ്രകാരം ജെമ്മുമായി (മുൻപ് DGS&D) ധാരണാപത്രം ഒപ്പിടാതെ കേരള സർക്കാർ ജെമ്മിനെ ഒരു പൊതു സംഭരണ മാർഗ്ഗമായി അംഗീകരിച്ചു. അതിനനുസരിച്ച്, 28/04/2018 ലെ സ.ഉ. (അച്ചടി) നമ്പർ 2/2018 / എസ്പിഡി പ്രകാരം ജെം മുഖാന്തിരമുള്ള പൊതു സംഭരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ഒരു പുതിയ അദ്ധ്യായമായി (അദ്ധ്യായം-19) സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതി ചെയ്ത് കൂട്ടി ചേർത്തു. 25000 രൂപയ്ക്ക് മുകളിലുള്ള പൊതു സംഭരണം ജെം മുഖാന്തിരമായിരിക്കണമെന്ന് 26/04/2019 ലെ സ.ഉ. (അച്ചടി) നമ്പർ. 7/2019 / എസ്പിഡി പ്രകാരം സർക്കാർ നിർബന്ധമാക്കി, കൂടാതെ, 25/10/2019 ലെ സ.ഉ. (അച്ചടി) നമ്പർ 13/2019 / എസ്പിഡി പ്രകാരം ജെം മുഖാന്തിരമുള്ള വാങ്ങലുകൾക്കുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതി വരുത്തുകയും ചെയ്തു. നിലവിൽ 26 സംസ്ഥാനങ്ങളും 9 കേന്ദ്രഭരണ പ്രദേശങ്ങളും ജെം തങ്ങളുടെ സംഭരണ മാർഗ്ഗമായി അംഗീകരിച്ച ധാരണാപത്രം ഒപ്പുവച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ പൊതു വാങ്ങലുകൾക്കായി ഈ വേദി സ്വീകരിക്കണമെന്നും പൊതുസംഭരണം സംബന്ധിച്ച നിലവിലുള്ള നിയമങ്ങളിലും സാമ്പത്തിക നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ

വരുത്തണമെന്നും കേന്ദ്രസർക്കാർ കേരളസർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു. ധാരണാപത്രത്തിൽ താഴെപ്പറയും പ്രകാരമുള്ള നിബന്ധനകൾക്കനുസൃതമായി ഒപ്പുവയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

**1. ബാധ്യതകൾ / പ്രതിബദ്ധതകൾ:**

1.1 കേന്ദ്ര സർക്കാർ ഇനിപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്:

എ) ജെം മുഖാന്തിരമുള്ള സംഭരണത്തിന് സംസ്ഥാന സർക്കാരിന് സൗകര്യമൊരുക്കുക

ബി) 19/01/2019 ലെ സ.ഉ. (അച്ചടി) നമ്പർ. 4/2019 / ധന പ്രകാരം രൂപീകൃതമായ കേരള ട്രഷറി സിസ്റ്റവും ജെം ഉം സംയോജിപ്പിച്ച് (പൂർണ്ണമായും ഓൺലൈൻ) അതിൻപ്രകാരമുള്ള പണമടയ്ക്കൽ സംവിധാനം വഴി വിതരണക്കാർക്കും സേവന ദാതാക്കൾക്കും യഥാസമയം പണമടയ്ക്കൽ ഉറപ്പാക്കേണ്ടതാണ്.

സി) ജെം ഉപയോഗത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ കേരള സർക്കാരിനെ സഹായിക്കേണ്ടതാണ്.

**1.2 കേരള സർക്കാർ ഇനിപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്:**

എ) കേന്ദ്ര സർക്കാരിന്റെ 2017 ലെ പൊതു ധനകാര്യ ചട്ടങ്ങളുടെ റൂൾ 149 അനുസരിച്ച് കേരള സർക്കാരിന്റെ സംഭരണ നിയമങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

ബി) കേന്ദ്ര സർക്കാരിന്റെ സംഭരണ ചട്ടങ്ങൾ / നടപടിക്രമങ്ങളുമായി , കേരള സർക്കാരിന്റെ സംഭരണ നിയമങ്ങളും നടപടിക്രമങ്ങളും സമന്വയിപ്പിച്ച് ഭേദഗതി ചെയ്യേണ്ടതാണ്.

സി) കേരള സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പരിധിയിൽ ഉൾപ്പെടുന്ന- പരമാവധി വിതരണക്കാരുടെയും സേവന ദാതാക്കളുടെയും ജെം രജിസ്ട്രേഷൻ സുഗമമാക്കുക,

ഡി) ജെം ഉപയോക്താക്കൾക്കായുള്ള പരിശീലനം അതിന്റെ ഓഫീസർമാർക്കും സ്റ്റാഫുകൾക്കും അടുത്തുള്ള സ്ഥലങ്ങളിൽസംഘടിപ്പിക്കേണ്ടതാണ്,

ഇ) ട്രഷറിയിൽ നിന്നും, ധനകാര്യ വകുപ്പിൽ നിന്നുമുള്ള ഒരു ടീമിന്റെ സമ്മിശ്ര പരിശ്രമത്തിലൂടെ ജെമ്മും കേരള ട്രഷറിയും തമ്മിൽ സംയോജിപ്പിച്ചിട്ടുള്ള സമ്പ്രദായം ഇതിനകം തന്നെ നിലവിൽ വന്നിട്ടുണ്ട് ആയത് തുടരേണ്ടതാണ്.

(എഫ്) ചരക്കുകൾ / സേവനങ്ങൾ ലഭിച്ചുകഴിഞ്ഞാൽ പ്രൊവിഷണൽ രസീത് സർട്ടിഫിക്കറ്റ് (പിആർസി) ഉടനടി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും പിആർസി നല്കി 10 ദിവസത്തിനുള്ളിൽ കൺസൈനീസ് റെസീപ്പ് കം അക്സപ്റ്റെൻസ് സർട്ടിഫിക്കറ്റും (സി ആർ എ സി) നല്കിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ജി) സി ആർ എ സി ഇഷ്യു ചെയ്ത് പത്ത് (10) ദിവസത്തിനുള്ളിൽ വെണ്ടർമാർ / സേവന ദാതാക്കൾക്ക് ആവശ്യമായ ഓർഡർ / വിജ്ഞാപനം പുറപ്പെടുവിച്ച് പണം നല്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. (കേന്ദ്ര സർക്കാരിന്റെ എക്സ്പെൻഡിച്ചർ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മോഡൽ ഓഫീസ് മെമ്മോറാണ്ടം, അനുബന്ധം-എ ആയി കൂട്ടിച്ചേർത്തിട്ടുണ്ട്); &,

എച്ച്) കേരള സർക്കാർ വകുപ്പുകൾ ജെം വഴി നടത്തുന്ന എല്ലാ വാങ്ങലുകളുടെയും പേയ്മെന്റുകൾ ട്രഷറിയിൽ ട്രഷറീസ് ഡയറക്ടറുടെ പേരിൽ ആരംഭിച്ച ജെം പൂൾ അക്കൗണ്ട് വഴി 19.01.2019.ലെ സ.ഉ.(അച്ചടി).നമ്പർ. 4/2019/ധന - ൽ വിശദമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം ചെയ്യേണ്ടതാണ് .

3) ഈ വിഷയം ധനകാര്യ വകുപ്പുമായി ആലോചിക്കുകയും ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം നൽകുകയും ചെയ്തിട്ടുണ്ട്

**" The draft MoU modified as per our system and procedures has been approved by CEO (GeM). Hence Finance agrees to execute the MoU accordingly subject to the approval of the Council of Ministers. The Administrative Department is also informed that necessary amendments in Kerala Financial Code shall be made in due course "**

4) ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അംഗീകാരം ആവശ്യപ്പെട്ടിരുന്നു, ആയതിന് താഴെപ്പറയുന്ന അഭിപ്രായം നൽകിയിട്ടുണ്ട്.

" ഭരണ വകുപ്പ് സൂക്ഷ്മപരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ള കരട് ധാരണാപത്രം ഭേദഗതി വരുത്തിയ പ്രകാരം ക്രമത്തിലാണ്. ആയതിന്റെ ഉള്ളടക്കത്തിന്റെ കൃത്യത ഭരണ വകുപ്പ് പരിശോധിക്കേണ്ടതും അത് ആ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമാണോയെന്ന് ഉറപ്പുവരുത്തി ഈ വകുപ്പ് 19/11/2020 ന് നല്കിയിട്ടുള്ള അഭിപ്രായത്തിന് അനുസൃതമായി വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നതാണ്"

5) പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട കാര്യം</u>

1. സംസ്ഥാനത്ത് ഗവൺമെന്റ് ഇ മാർക്കറ്റ്പ്ലെയ്സ് (ജെം) വഴി പൊതു സമാഹരണം നടത്തുന്നതിന് ജെമ്മുമായി ധാരണാപത്രം ( അനുബന്ധമായി ചേർത്തിരിക്കുന്നു) ഒപ്പു വയ്ക്കുന്നതിന് അനുമതി നല്കാമോ?

Annexure 10

# MEMORANDUM OF UNDERSTANDING

This MEMORANDUM OF UNDERSTANDING (hereinafter referred to as MoU) is entered into on the ------------ (Date) on behalf of the President of India represented by Government e Marketplace (hereinafter referred to as GeM), Department of Commerce, Ministry of Commerce & Industries, Government of India, and acting through Shri. Deepak Kapoor IAAS, Joint Secretary Additional Chief Executive Officer, Government e Marketplace which expression shall unless it be repugnant to the subject or context thereof, include its successors and assigns, of the FIRST PART:

**AND**

Governor of Kerala represented by Shri.---------------------, IAS, Additional Chief Secretary, Finance Department, for and on behalf of Government of Kerala expression shall unless it be repugnant to the subject or context thereof, include its successors and assigns, of the SECOND PART

Government e Marketplace (GeM), Department of Commerce and the Government of Kerala are herein also referred to collectively as the "Parties" and individually as the "Party"

**Preamble:**

WHEREAS: Procurement of goods and services in right quantity, of right quality, at right time, at right price and from right source is a very important function for any State Government and is required for effective implementation of any Government scheme. Given the fact that the current procurement methods of public institutions are outdated and suffer from lack of adequate transparency and accountability besides being extremely cumbersome and time-consuming, there is a need to usher in structural changes to the entire procurement machinery of the Government. Government e Marketplace (GeM) set up by Department of Commerce, Government of India is a state-of-the-art public procurement platform that has used technology to remove entry barriers for bonafide sellers and has created a vibrant e- marketplace with a wide range of goods and services. Completely online pre-contract and post-contract management along with digital and time-bound payment on GeM, has resulted in significant reduction in prices of goods and services. The total value of procurement of both Central and State Government organizations being upwards of Rs five lakh Crore, GeM has a potential to save more than Rs fifty thousand Crore per annum to the Government.

AND WHERE AS, Both the Parties have entered this MoU in order to enable the Government of Kerala to make use of GeM for procurement of both goods and services, to the extent feasible.

NOW IT IS THEREFORE HEREBY AGREED BY AND AMONGST THE PARTIES AS FOLLOWS:

**1.Obligations/Commitments:**

1.1 The Government of India to take following measures:

a) Facilitating Government of Kerala to onboard GeM,

b)Timely payment to suppliers/Service providers shall be ensured through the payment mechanism developed(fully online) in integration of GeM with Kerala Treasury system as per GO(P)4/2019/Fin dated, 19.01.2019.

c) Facilitate Government of Kerala to impart training to its officials on the use of GeM.

1.2 The Government of Kerala to take the following measures:

a) Make changes to the procurement rules of the Government of Kerala, to bring them broadly in line with Rule 149 of General Financial Rules, 2017 of the Government of India,

b) The procurement rules / procedures of the Government of Kerala shall be amended in such a way that, to the maximum extent possible, they shall be in sync with the procurement rules / procedures of the Government of India,

c) Facilitate registration on GeM of maximum number of suppliers & service providers located within the geographical limits of the State of Kerala,

d) Organize GeM user training to its officers and staff in its own premises,

e) The integration of Gem with Kerala Treasury system is already done through the effort of a team from both treasury and Finance and the same is to be followed.

f) Ensure immediate issuance of Provisional Receipt Certificate (PRC) upon receipt of goods / services and Consignee's Receipt-cum-Acceptance Certificate (CRAC) within ten (10) days of issuance of PRC, by the Consignee,

g) Ensure payment to vendors / service providers within ten (10) days of issuance of CRAC by issue of necessary order/notification (Model Office Memorandum issued by Department of Expenditure, Government of India is annexed as Annexure-A);and,

h) All the payments related to procurement of Kerala Government Departments through GeM should be done through the GeM pool account opened in treasury for this purpose in the name of Director of Treasuries. Detailed procedure to be followed are mentioned in GO(P)4/2019/Fin dated, 19.01.2019.

**2. Termination clause:**

Each Party shall have the right to terminate the MoU by giving three (03) months written notice in writing to the other Party at any time. If the MoU is terminated by either Party, steps shall be taken to ensure that the termination does not affect any prior obligation, project or activity already in progress.

**3. Amendment clause:**

The MoU may be modified or amended by written agreement between the Parties.

It is hereby agreed that this signed MoU can be put in the public domain by any of the signatories.

IN WITNESS, whereof the parties hereto have executed these presents the day, month and year first herein above written.

| | |
|---|---|
| SIGNED AND DELIVERED for and on behalf of and under orders of the President of India represented by CEO of GeM, Government of India. | In the presence of Witness 1<br>(From Government e Marketplace) |
| SIGNED AND DELIVERED for and onbehalf of and under order of Governor of Kerala | Witness 2<br>(From Govt of Kerala) |